## ലൈഫ് മിഷൻ – 11.04.2018–ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രത്യേക അവലോകന യോഗത്തിന്റെ മിനിട്ട്സ്

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ലൈഫ് അവലോകന യോഗം രാവിലെ 10.00–ന് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടി. പങ്കെടുത്തവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. പിണറായി വിജയൻ
   (ബഹു. മുഖ്യമന്ത്രി)
2. ഡോ. തോമസ് ഐസക്
   (ബഹു. ധനകാര്യ വകുപ്പുമന്ത്രി)
3. ഡോ. കെ.ടി ജലീൽ
   (ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)
4. ശ്രീ. പോൾ ആന്റണി ഐ.എ.എസ്
   (ബഹു. ചീഫ് സെക്രട്ടറി)
5. ശ്രീ. ടി.കെ. ജോസ് ഐ.എ.എസ്
   (ബഹു. അഡീ. ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)
6. ശ്രീ. മനോജ് ജോഷി ഐ.എ.എസ്
   (പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്)
7. ശ്രീ. വി.എസ് സെന്തിൽ ഐ.എ.എസ് (റിട്ട.)
   (പ്രിൻസിപ്പൽ സെക്രട്ടറി (കോ–ഓർഡിനേഷൻ) മുഖ്യമന്ത്രിയുടെ ഓഫീസ്)
8. ശ്രീ. രഞ്ജിത് സി.എസ്
   (ഡെവലപ്മെന്റ് അഡ്വൈസർ, കേരള സർക്കാർ)
9. ഡോ. അദീല അബ്ദുള്ള ഐ.എ.എസ്
   (സി.ഇ.ഒ, ലൈഫ് മിഷൻ)
10. ശ്രീമതി. റസി ജോർജ്ജ്
    (മെമ്പർ, മിഷൻ മോണിറ്ററിംഗ് ടീം)

ലൈഫ് മിഷന്റെ ഒന്നാംഘട്ട പ്രവർത്തനമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ പുരോഗതി ബഹു. മുഖ്യമന്ത്രി വിലയിരുത്തുകയും മാർച്ച് 31–നകം തീർക്കണമെന്നുള്ള മുൻ തീരുമാനം നടപ്പാകാത്ത സാഹചര്യത്തിൽ മുഴുവൻ വീടുകളും മേയ് 31–നകം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചു. ഇതിലെന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കണമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

നിലവിൽ സാമ്പത്തിക പ്രതിസന്ധിയില്ലെന്നും എന്നാൽ ചില സ്ഥലങ്ങളിൽ നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ടെങ്കിലും 95 % വീടുകളും മേയ് 31–നകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അഡീ. ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചു. എസ്.സി വിഭാഗത്തിന്റെ

നിർമ്മാണപുരോഗതി പുറകിലാണെന്നത് കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കാമെന്നും അഡീ. ചീഫ് സെക്രട്ടറി ഉറപ്പുനൽകി.

**അജണ്ട – 1**

**5131 കോടി രൂപ വായ്പ ലഭ്യമാക്കുന്നത് സംബന്ധിച്ച്**

2018–19–ൽ ഗ്രാമീണമേഖലയിൽ 163688 ഭവനങ്ങളും നഗരമേഖലയിൽ 82487 ഭവനങ്ങളും ഉൾപ്പെടെ ആകെ 246175 വീടുകളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയതിലേക്ക് 9977.64 കോടി രൂപ ആവശ്യമാണ്. മുഴുവൻ ഭവനവും 2018–19–ൽ പൂർത്തിയാക്കുന്നതിന് 5131 കോടി രൂപ വായ്പ വേണ്ടിവരുന്നതാണ്. ടി വിഷയം വിശദമായി ചർച്ച ചെയ്തു. തുടർന്ന് താഴെപ്പറയുന്ന തീരുമാനം എടുത്തു.

1. ഹഡ്കോയിൽ നിന്നും ഭവന നിർമ്മാണത്തിന് 4000 കോടി രൂപ വായ്പ എടുക്കുന്നതിന് അനുമതി നൽകി. ഇതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ധനകാര്യസ്ഥാപനമായ കെ.യു.ആർ.ഡി.എഫ്.സി യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തി തീരുമാനിച്ചു. കെ.യു.ആർ.ഡി.എഫ്.സി ലൈഫ് മിഷനുവേണ്ടി ഹഡ്കോയിൽ നിന്നും വായ്പ തരപ്പെടുത്തി നൽകേണ്ടതാണ്.
2. അധികമായി ആവശ്യം വേണ്ടിവരുന്ന തുക ബാങ്കിംഗ് കൺസോഷ്യം. മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പ എടുക്കുന്ന വിഷയം പരിശോധിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ (ഫിനാൻസ്) ചുമതലപ്പെടുത്തി.
3. ലൈഫ് മിഷൻ പദ്ധതികൾക്ക് വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് തീരുമാനിച്ചു.
4. വായ്പാ തുക തിരിച്ചടയ്ക്കുന്നതിന് എല്ലാ തലത്തിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും 20%–ൽ അധികരിക്കാത്ത തുക ഉറവിടത്തിൽ നിന്നും കുറവ്ചെയ്ത് കണ്ടെത്തുന്നതിന് തിരുമാനിച്ചു. ആയതിന് എല്ലാ തലത്തിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമ്മതം വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.
5. 15 വർഷ കാലാവധിക്കകം തിരിച്ചടവ് പൂർത്തീകരിക്കാൻ കഴിയാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഷയം പരിശോധിച്ച് അധിക ധനസഹായം നൽകേണ്ടതാണ്. ടി വിഷയം പരിശോധിച്ച് തദ്ദേശസ്വയംഭരണ

ഭവനരഹിതരുടെ ഭവന നിർമ്മാണത്തിനായി വിനിയോഗിക്കുന്നതിനുവേണ്ടി വകുപ്പു മന്ത്രിയുമായി ചർച്ച ചെയ്ത് ഏകീകൃത തീരുമാനം കൈക്കൊള്ളുന്നതിനും തീരുമാനിച്ചു.

2. ഭവന നിർമ്മാണത്തിനായി വിവിധ വകുപ്പുകൾ മാറ്റിവെച്ചിരിക്കുന്ന തുക (578 കോടി) ലൈഫ് മിഷൻ കണ്ടെത്തിയ ഭുമിയുള്ള ഭവനരഹിതർക്ക് മാത്രമായി ബന്ധപ്പെട്ട വകുപ്പുകൾ വിനിയോഗിക്കേണ്ടതാണ്.
3. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ലൈഫ് മിഷൻ എടുക്കുന്ന തീരുമാനങ്ങൾ എല്ലാ വകുപ്പുകൾക്കും ബാധകമായിരിക്കുമെന്നും മറ്റ് വകുപ്പുകൾ ഇതിനായി പ്രത്യേക ഉത്തരവ് ഇറക്കേണ്ടതില്ലായെന്നും തീരുമാനിച്ചു.

<u>അജണ്ട - 4</u>

സംസ്ഥാന വിഹിതം

PMAY ഒഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ചെയ്യുന്ന വീടുകൾക്ക് ഒരു ലക്ഷം രൂപ വീതം സർക്കാർ വിഹിതമായി നൽകും എന്ന് ബജറ്റ് പ്രസംഗത്തിൽ വാഗ്ദാനം ചെയ്തിട്ടുണ്ട്. ടി വിഷയം യോഗം വിശദമായി ചർച്ച ചെയ്തു. നിലവിൽ വിവിധ വകുപ്പുകളുടെ ഹെഡിൽ ഭവന നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ച് ഒരു ലക്ഷം രൂപ ഓരോ ഗുണഭോക്താവിനും നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് ധനകാര്യമന്ത്രി അറിയിച്ചു. അതിനു പുറമെ അധികമായി തുക നൽകാൻ കഴിയില്ലെന്നും ഇതുമൂലം അധികമായി ആവശ്യമായി വരുന്ന 1360 കോടി രൂപ വായ്പായായി കണ്ടെത്താമെന്നും യോഗം വിലയിരുത്തി.

തീരുമാനം :-

പി.എം.എ.വൈ ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർമ്മിക്കുന്ന വീടുകൾക്ക് ഒരു ലക്ഷം രൂപാ വീതം സർക്കാർ ധനസഹായം നിലവിലെ വിവിധ വകുപ്പുകൾ ഭവന നിർമ്മാണത്തിനായി നീക്കിവെച്ചിട്ടുള്ള ബജറ്റ് വിഹിതത്തിൽ നിന്ന് തന്നെ കണ്ടെത്തേണ്ടതാണെന്നും ഇതിലേക്ക് അധിക തുക നൽകാൻ കഴിയില്ലെന്നും, ഈയിനത്തിൽ അധിക തുക ആവശ്യമുള്ളപക്ഷം അധിക വായ്പ സമാഹരണം വഴി കണ്ടെത്തുന്നതിന് മിഷനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

അജണ്ട 5

<u>അദ്ധ്യക്ഷൻ അനുവദിച്ച മറ്റ് വിഷയങ്ങൾ</u>

5.1 അർഹരായ നിരവധി തോട്ടം തൊഴിലാളികൾ ലൈഫ് മിഷന്റെ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടെന്ന് മുഖ്യമന്ത്രി അറിയിച്ചു. ഇക്കാര്യം തൊഴിൽ വകുപ്പുമായി ചേർന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീ. ചീഫ് സെക്രട്ടറി അറിയിച്ചു.

5.2 ഭവന സമുച്ചയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള പുരോഗതിയിൽ ബഹു.മുഖ്യമന്ത്രി കടുത്ത അതൃപ്തി അറിയിച്ചു. ഓരോ ജില്ലയിലും ഓരോ ഭവനസമുച്ചയം എന്നത് സർക്കാരിന്റെ പ്രഖ്യാപിത തീരുമാനം ആണ് എന്നും ആയത് ഒരുവർഷമായിട്ടും നടപ്പിലാകാത്തത് മൂലം മിഷന്റെ പ്രവർത്തനം ആദ്യഘട്ടത്തിൽ ജനങ്ങളിൽ എത്തിക്കുന്നതിൽ തടസ്സം വന്നിട്ടുണ്ട് എന്നും ബഹു. മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. തുടർന്ന് താഴെപ്പറയുന്ന തീരുമാനം എടുത്തു.

എ) നിലവിൽ ടെൻഡർ ചെയ്ത സ്ഥലങ്ങളിൽ യോഗ്യമായ ടെൻഡർ ലഭിക്കാത്തപക്ഷം ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

ബി) പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിൽ ആദ്യഘട്ടത്തിൽ തീരുമാനിച്ചിരുന്നതും ഭൂമി ലഭ്യമായതുമായ നാളിതുവരെ ടെണ്ടറിലൂടെ നിർവ്വഹണ ഏജൻസിയെ കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ഭവന സമുച്ചയ പദ്ധതികൾക്ക് ടെൻഡർ മുഖേനയോ അക്രഡിറ്റഡ് ഏജൻസി മുഖേനയോ ഭവന സമുച്ചയ നിർമ്മാണത്തിന് അടിയന്തിരമായി തുടക്കം കുറിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

5.3 2.4 ലക്ഷം ഭവനങ്ങളുടെ നിർമ്മാണം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന സാധന സാമഗ്രികളുടെ ലഭ്യതക്കുറവ്, പണിക്കാരുടെ ലഭ്യതക്കുറവ് എന്നിവ പരിഹരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീയുടെ സഹായത്തോടെ നിർമ്മാണ സാമഗ്രികൾ (ഇഷ്ടിക, ജനൽ/ വാതിൽ ഫ്രെയിമുകൾ) എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ എല്ലാ ബ്ലോക്ക്തലത്തിലും ആവശ്യാനുസരണം ആരംഭിക്കണമെന്നും ആവശ്യമായത്ര കുടുംബശ്രീ കൺസ്ട്രക്ഷൻ യൂണിറ്റുകളെ എല്ലാ ജില്ലകളിലും സജ്ജമാക്കുന്നതിനും

തദ്ദേശസ്വയംഭരണ വകുപ്പ് അഡീ. ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

യോഗം 11 മണിക്ക് അവസാനിച്ചു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ

**DR. ADEELA ABDULLA. IAS**
Dy. Secretary & Chief Executive Officer
Life Mission, Local Self Government Dept.
Government of Kerala

12/4/2018

അഡീ. ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

T.K. JOSE. IAS
Additional Chief Secretary to Government
Local Self Government Department
Government Secretariat
Thiruvananthapuram

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

**ഡോ. കെ.ടി. ജലീൽ**
തദ്ദേശ സ്വയംഭരണ, ന്യൂനപക്ഷക്ഷേമ, വഖഫ്
ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി

ബഹു. മുഖ്യമന്ത്രി